# കേരള സർക്കാർ

## ജലവിഭവ വകുപ്പ് (ചെറുകിട ജലസേചന വിഭാഗം)

നമ്പർ ഡി2-ടെണ്ടർ - 86/2011 തീയ്യതി: **17.08.2020.**

## ദർഘാസ് പരസ്യം

കേരള ഗവർണ്ണർക്ക് വേണ്ടി ചെറുകിട ജലസേചന വിഭാഗം തളിപ്പറമ്പ സബ് ഡിവിഷൻ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയർ താഴെ ചേർത്തിരിക്കുന്ന പ്രവർത്തികൾക്ക് നിർദ്ദിഷ്ടയോഗ്യതയുള്ള അംഗീകൃത കരാറുകാരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള മുദ്ര വെച്ചതും പ്രവർത്തിയുടെ പേര് പുറത്ത് ആലേഖനം ചെയ്തിട്ടുള്ളതുമായ കവറുകളിൽ ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസുകൾ **27-08-2020** ന് വൈകുന്നേരം **3.00** മണിവരെ സ്വീകരിക്കുന്നതും അന്നേദിവസം വൈകുന്നേരം **3.30** ന് തൽസമയം ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്ദ്യോഗസ്ഥനോ തുറക്കുന്നതുമായിരിക്കും. ദർഘാസുകൾ രജിസ്റ്റേർഡ് തപാൽ, സ്പീഡ് പോസ്റ്റ് എന്നിവ വഴി മാത്രമേ സ്വീകരിക്കുകയുള്ളു. കൊറിയർ സർവ്വീസിൽ അയക്കുന്നതോ നേരിട്ട് നൽകുന്നതോ ആയ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. തപാൽ തകരാറ് മൂലമോ മറ്റോ കാലതാമസം വന്നാൽ ഡിപ്പാർട്ട്മെൻറ് യാതൊരുവിധ ഉത്തരവാദിത്തവും ഏറ്റെടുക്കുന്നതല്ല. ദർഘാസിൻറെ കാലാവധി അതു സ്വീകരിക്കുന്ന തീയ്യതിമുതൽ 2 മാസമായിരിക്കും.

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവർത്തിയുടെ പേരും അടങ്കൽ തുകയും | നിരത ദ്രവ്യം | ദർഘാസ് ഫോറത്തിൻറെ വില | കരാറുകാരുടെ യോഗ്യത | പ്രവൃത്തി തീർക്കേണ്ട കാലാവധി |
|---|---|---|---|---|---|---|
| 1 | എഇഇ/ എം.ഐ/ടി/ 15/2020-21 | **SDRF - ചെറുപുഴ പഞ്ചായത്തിലെ പാണ്ടിക്കടവ് ബി.സി.ആറിൻറെ കരസംരക്ഷണ പ്രവൃത്തി അടങ്കൽ തുക - 293341.00/-** | **7350/-** | 630+ GST | ഡി'യും മുകളിലും | 6 മാസം |
| 2 | എഇഇ/ എം.ഐ/ടി/ 16/2020-21 | **SDRF - ചെറുപുഴ പഞ്ചായത്തിലെ കാര്യങ്കോട് പുഴയ്ക്ക് കുറുകെയുള്ള കാര്യങ്കോട് വെൻറഡ് ഡാം കം ട്രാക്ടർ വേയിലെ ചെളി നീക്കം ചെയ്യലും തകരാറിലായ പലക മാറ്റൽ പ്രവൃത്തിയും അടങ്കൽ തുക- 2,92,160/-** | **7350/-** | 630+ GST | ഡി'യും മുകളിലും | 6 മാസം |

ദർഘാസ് ഫോറങ്ങളും മറ്റ് വിവരങ്ങളും അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും **25-08-2020** ന് ഉച്ചയ്ക്ക് **1.00** മണിവരെ ദർഘാസ് ഫോറത്തിൻറെ വില + GST ട്രഷറിയിൽ അടച്ച് ചെലാൻ സഹിതം രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസ് ഫോറങ്ങൾ **25-08-2020** ന് ഉച്ചയ്ക്ക് **1.00** മണിക്ക് ശേഷം യാതൊരു കാരണവശാലും ലഭിക്കുന്നതല്ല. ദർഘാസ് പ്രമാണങ്ങൾ അന്യോന്യം കൈമാറാൻ പാടുള്ളതല്ല. ദർഘാസ് ദിവസം നിശ്ചിത സമയംവരെ ദർഘാസുകൾ സ്വീകരിക്കുന്നതാണ്. ദർഘാസിനോടൊപ്പം **225/-** മുദ്രപത്രത്തിൽ പ്രിലിമിനറി എഗ്രിമെൻറ് വെക്കാത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. ഉത്തരവ് ജി.ഒ.(പി).84/97 പി.ഡബ്ല്യു.ഡി.& ടി. തീയ്യതി 19-8-1997ൽ പറയുന്ന എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്. ദർഘാസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന കരാറുകാർ (ലേബർ കോൺട്രാക്ട് സൊസൈറ്റി ഉൾപ്പെടെ) അവരുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൻറെ ഒറിജിനൽ ഹാജരാക്കേണ്ടതാണ്. ലേബർ കോൺട്രാക്ട് സൊസൈറ്റികൾ അവർ ഏറ്റെടുത്തിരിക്കുന്ന പണികളുടെ ആകെഅടങ്കൽ തുകയുടെ സർട്ടിഫിക്കറ്റ് അതാത് രജിസ്ട്രാറിൽ നിന്നും വാങ്ങി ദർഘാസ് ഫോറത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ടെണ്ടറിൽ പങ്കെടുക്കുന്ന കോൺട്രാക്ടർമാർക്ക് കോർ ബാങ്കിഗ് സംവിധാനമുള്ള ഏതെങ്കിലും ഒരു ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതും പ്രസ്തുത അക്കൗണ്ട് നമ്പർ ടെണ്ടറിൽ തെറ്റുകൂടാതെ രേഖപ്പെടുത്തി സ്വയം സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കൂടാതെ പ്രവർത്തിയുമായി ബന്ധപ്പെട്ട് കോൺട്രാക്ടർക്ക് നൽകേണ്ട പണം ഇ- പേയ്മെൻറ് സംവിധാനത്തിലൂടെ മേൽ അക്കൗണ്ടിലേക്ക് മാറ്റുന്നതിന് ആവശ്യപ്പെട്ടുകൊണ്ടുള്ള പത്രിക കൂടി സമർപ്പിക്കേണ്ടതാണ്. പ്രസ്തുത പത്രിക സമർപ്പിക്കാത്ത ടെണ്ടറുകൾ നിരുപാധികം നിരസിക്കുന്നതാണ്.

1987 ലെ കേരള നിർമ്മാണത്തൊഴിലാളി ക്ഷേമനിയമത്തിലെ 8 (2) വകുപ്പ് അനുസരിച്ച് മേൽ പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ രൊക്കം ചെലവിൻറെ ഒരു ശതമാനം കേരള നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിലേക്ക് ബില്ലിൽ നിന്നും നൽകേണ്ടതാണ്. ജലസേചന വകുപ്പിലെ ദർഘാസുകളെ സംബന്ധിക്കുന്ന മറ്റെല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമാണ്.

അസിസ്റ്റൻറ് എക്സിക്യൂട്ടീവ്
എഞ്ചിനീയറുടെ കാര്യാലയം

ചെറുകിട ജലസേചനവിഭാഗം
തളിപ്പറമ്പ
ഫോൺ -04602200320

കെ.ഗോപകുമാർ
അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
കേരള ഗവർണർക്കു വേണ്ടി

# വിൻഡോപരസ്യം

ജലസേചന വകുപ്പ് ദർഘാസ്

ദർഘാസ് നമ്പർ D2-86/2011 തീയ്യതി: **17.08.2020**

അസിസ്റ്റൻറ് എക്സിക്യുട്ടീവ് എഞ്ചിനിയർ - ചെറുകിട ജലസേചന സബ്ഡിവിഷൻ തളിപ്പറമ്പ്

SDRF പ്രവൃത്തികൾ -2 എണ്ണം

| | | |
|---|---|---|
| ദർഘാസ് വില | : | 630 + GST |
| നിരതദ്രവ്യം | : | 7350 രൂപ വീതം |
| ഫോറം വിൽക്കുന്ന അവസാനതീയ്യതി | : | **25.08.2020** ഉച്ചയ്ക്ക് 1.00 മണി വരെ |
| സ്വീകരിക്കുന്നത് | : | **27.08.2020** വൈകുന്നേരം 3.00 മണി വരെ |
| **അടങ്കൽ തുക മൊത്തം** | : | **5,85,501/-** രൂപ |

അസിസ്റ്റൻറ് എക്സിക്യുട്ടീവ്
എഞ്ചിനീയറുടെ കാര്യാലയം
ചെറുകിട ജലസേചന
ഉപവിഭാഗം, തളിപ്പറമ്പ

അസിസ്റ്റൻറ് എക്സിക്യുട്ടീവ് എഞ്ചിനിയർ
(കേരളാഗവർണ്ണർക്ക് വേണ്ടി)